LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മാവേലിക്കര ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ആയതിനാവശ്യമായ അംഗബലം പുനർവിന്യാസം വഴി കണ്ടെത്തി ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സംവിധാനം

162 (4497) ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച പോലീസ് കമ്മീഷണറേറ്റ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ :

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് സംവിധാനം പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് 29-1-2013-ലെ ജി.ഒ. (എംഎസ്.) 29/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ കൂടുതൽ വൈദഗ്ധ്യത്തോടെയും ഉത്തരവാദിത്വത്തോടെയും അധികാരത്തോടെയും ഫലപ്രദമായി കൈകാര്യം ചെയ്യുക, ഈ നഗരങ്ങളിലെ ജനസംഖ്യാ വർദ്ധനവ് കൊണ്ടുണ്ടാകുന്ന നിരവധി പ്രശ്നങ്ങൾക്കനുസൃതമായി നഗരങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുക, അനുദിനം നഗരങ്ങളിൽ പുതിയതായി എത്തിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾക്കനുസരിച്ച് ട്രാഫിക് പരിപാലനം സുഗമമാക്കുക എന്നിവയാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി&ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.